By Special Messenger

**കേരള സർക്കാർ**
**ധന(പിആർസി-എ)വകുപ്പ്**
**സർക്കുലർ**

**നം.96/2017/ധന** **തീയതി,തിരുവനന്തപുരം 23/12/2017**

വിഷയം:- സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ-പുറപ്പെടുവിക്കുന്നു

സൂചന:- 08/08/2008 ലെ 46/2008/ധന സർക്കുലർ

സമയ ബന്ധിത ഹയർഗ്രേഡ് അനുവദിക്കുന്നതിനുള്ള വിശദമായ നിർദ്ദേശങ്ങൾ വിവിധ ശമ്പള പരിഷ്കരണ ഉത്തരവുകൾ, സൂചനയിലെ സർക്കുലർ എന്നിവ പ്രകാരം ധനകാര്യ വകുപ്പിൽ നിന്ന് പുറപ്പെടുവിച്ചിട്ടുണ്ട്.

ഒരു വകുപ്പിലെ ജീവനക്കാർക്ക് ഡി.പി.സി അംഗീകരിച്ച സീനിയോറിറ്റി പ്രകാരം തുടർ തസ്തികകളുടെ ഒഴിവു വരുന്ന മുറക്ക് റഗുലർ പ്രൊമോഷൻ നൽകുന്നതു പോലെ സർവ്വീസിൽ നിശ്ചിത കാലയളവ് പൂർത്തീകരിച്ചിട്ടും പ്രൊമോഷൻ ലഭിക്കാത്തവർക്ക് സമയ ബന്ധിത ഹയർഗ്രേഡ് അനുവദിക്കാൻ നിയമനാധികാരി /വകുപ്പു മേധാവിയെ നിലവിലുള്ള ഉത്തരവുകൾ പ്രകാരം സർക്കാർ അധികാരപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ അധികാരം ഉപയോഗപ്പെടുത്താതെ വിവിധ വകുപ്പ് മേധാവികളിൽ നിന്ന് ജീവനക്കാർക്ക് സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചു നൽകുന്നതിനുള്ള സാധാരണ (routine) നിർദ്ദേശങ്ങൾ ധനകാര്യ വകുപ്പിലേക്ക് അയയ്ക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

നിലവിൽ അനുവദിച്ചിട്ടുള്ള സാമ്പത്തിക അധികാരങ്ങൾ ഉപയോഗപ്പെടുത്തി സമയ ബന്ധിത ഹയർഗ്രേഡ് സംബന്ധിച്ച് നിലവിലുള്ള ഉത്തരവുകൾ, ബന്ധപ്പെട്ട ശമ്പള പരിഷ്കരണ ഉത്തരവ്, സ്പെഷ്യൽ റൂൾസ് എന്നിവ അനുസരിച്ച് നിശ്ചിത കാലയളവ് പൂർത്തീകരിക്കുന്ന മുറയ്ക്ക് അർഹതപ്പെട്ട ജീവനക്കാർക്ക് സമയബന്ധിത ഹയർഗ്രേഡ് അനുവദിച്ചു നൽകാൻ വകുപ്പു മേധാവികൾക്ക് കർശന നിർദ്ദേശം നൽകുന്നു.

സമയ ബന്ധിത ഹയർ ഗ്രേഡ് സ്കീം സംബന്ധിച്ചുള്ള സ്പഷ്ടീകരണം, കോടതി കേസുകൾ, എ.ജി യുടെ സ്പഷ്ടീകരണം എന്നിവയ്ക്ക് മാത്രമായുള്ള ഫയലുകൾ മാത്രം ധന (പിആർസി-എ) വകുപ്പിന്റെ അഭിപ്രായത്തിനായി അയക്കുവാൻ വകുപ്പു മേധാവികൾ/ഭരണ വകുപ്പുകൾ നിഷ്കർഷ പുലർത്തേണ്ടതാണ്.

**മനോജ് ജോഷി**
**പ്രിൻസിപ്പൽ സെക്രട്ടറി(ധനകാര്യം)**

പകർപ്പ്
അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്),കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ),കേരള,തിരുവനന്തപുരം

എല്ലാ ഭരണവകുപ്പുകൾക്കും
എല്ലാ വകുപ്പ് മേധാവികൾക്കും
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (No.E.673783/PRC-A1/15/2017-FIN)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ